**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 290** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | റാഗിംഗ് ഒഴിവാക്കുന്നതിന് സംവിധാനങ്ങളും നിയമങ്ങളും നിലവിലുണ്ടെങ്കിലും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് വർധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും റാഗിംഗ് പോലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അവ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള റാഗിംഗ് വിരുദ്ധ സംവിധാനങ്ങൾ ഉടനടി കൈക്കൊള്ളുന്നുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട കോളേജുകളിലെ ആന്റി-റാഗിംഗ് സെല്ലുകൾ പ്രാഥമിക അന്വേഷണം നടത്തുകയും കോളേജ് കൗൺസിലിന്റെ കൂടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയരായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുകയും പരാതിയിൻമേൽ സ്വീകരിക്കേണ്ട തുടർനടപടികൾക്കായി പോലിസ് അന്വേഷണം ആവശ്യപ്പെടാറുമുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് വിരുദ്ധ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിന്റെ ഭാഗമായി ആന്റി-റാഗിംഗ് കമ്മിറ്റികളും ആന്റി-റാഗിങ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ആന്റി-റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികളേയും രക്ഷാകർത്താക്കളേയും റാഗിംഗ് വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന്റെ ഭാഗമായും കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ തന്നെ റാഗിംഗ് നടത്തുകയോ റാഗിംഗിന് പിന്തുണ നൽകുകയോ ചെയ്യില്ല എന്നുള്ള സത്യവാങ്മൂലം വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനു വേണ്ടി യുജിസി പുറപ്പെടുവിച്ചിട്ടുള്ള UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER |

| | | | |
|---|---|---|---|
| | | | EDUCATIONAL INSTITUTIONS, 2009 വായിച്ച മനസിലാക്കിയിട്ടുണ്ടെന്നും റാഗിംഗിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും റാഗിംഗിൽ ഏർപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തിനെ സംബന്ധിച്ചും താൻ ബോധവാനാണെന്നും സാക്ഷ്യപ്പെടുത്തുകയാണ് ഈ അണ്ടർടേക്കിങ് പൂരിപ്പിച്ച് സമർപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികൾ ചെയ്യുന്നത്. പരാതികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും, പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി Internal Complaint Committee-കൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള റാഗിംഗ് നിരോധന നിയമത്തിൽ റാഗിംഗിനെതിരെ അതിശക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗിംഗ് നടത്തിയതായി തെളിയിക്കപ്പെട്ടാൽ 2 വർഷംവരെ തടവ് ശിക്ഷയും 10,000 രൂപ പിഴയും വരെ ലഭിക്കാവുന്നതാണ്.<br><br>എല്ലാ കോളേജ് ക്യാമ്പസുകളുടെയും വിവിധ ഭാഗങ്ങളിലായി റാഗിംഗ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിംഗ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാനടപടികളെ കുറിച്ചുള്ള മുന്നറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>റാഗിംഗിന് വിധേയമാവുകയോ റാഗിംഗ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളജുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരമുണ്ട്. |
| (സി) | റാഗിംഗിന് ഇരയാകുന്ന വിദ്യാർത്ഥികൾക്ക് നിർഭയമായി പരാതിപ്പെടുന്നതിനും അവർക്ക് ഉടനടി നീതി ലഭ്യമാക്കുന്നതിനും ജുഡീഷ്യൽ സംവിധാനം സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | റാഗിംഗിന് ഇരയാകുന്ന വിദ്യാർത്ഥികൾക്ക് നിർഭയമായി പരാതിപ്പെടുന്നതിന് നിലവിൽ സംവിധാനം ഉണ്ട്. ഇതിനായി ജുഡീഷ്യൽ സംവിധാനം സജ്ജമാക്കുന്നതിനായി ആഭ്യന്തര-നിയമവകുപ്പുകളുമായും കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ